| 06-08-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ- ഇപ്പോള്‍ വികര്‍മ്മം ചെയ്യുന്നത് അവസാനിപ്പിക്കൂ എന്തുകൊണ്ടെന്നാല്‍ ഇപ്പോള്‍ നിങ്ങള്‍ക്ക് വികര്‍മ്മാജീത്ത് സംവത്സരം ആരംഭിക്കണം.**

**ചോദ്യം-** ഓരോ ബ്രാഹ്മണ സന്താനത്തിനും ബാബയെ തീര്‍ച്ചയായും ഫോളോ ചെയ്യേണ്ടത് ഏതൊരു കാര്യത്തിലാണ്?
**ഉത്തരം-** ബാബ എങ്ങനെയാണോ സ്വയം ടീച്ചറായി നിങ്ങളെ പഠിപ്പിക്കുന്നത്, അതുപോലെ ബാബയ്ക്കു സമാനം ഓരോരുത്തര്‍ക്കും ടീച്ചറായി മാറണം. എന്താണോ പഠിക്കുന്നത് അത് മറ്റുള്ളവരേയും പഠിപ്പിക്കണം. നിങ്ങള്‍ ടീച്ചറുടെ കുട്ടികള്‍ ടീച്ചറും, സദ്ഗുരുവിന്റെ കുട്ടികള്‍ സദ്ഗുരുവുമാണ്. നിങ്ങള്‍ക്ക് സത്യഖണ്ഡം സ്ഥാപിക്കണം. നിങ്ങള്‍ സത്യത്തിന്റെ തോണിയിലാണ്, നിങ്ങളുടെ തോണി ആടുകയും ഉലയുകയും ചെയ്യും പക്ഷേ ഒരിയ്ക്കലും മുങ്ങുകയില്ല.

**ഓംശാന്തി**. ആത്മീയ അച്ഛന്‍ കുട്ടികളുമായി ആത്മീയ സംഭാഷണം നടത്തുകയാണ്. ആത്മാക്കളോട് ചോദിക്കുകയാണ് എന്തെന്നാല്‍ ഇത് പുതിയ ജ്ഞാനമല്ലേ. മനുഷ്യനില്‍ നിന്നും ദേവതയാകുന്നതിനുള്ള പുതിയ അറിവ് അഥവാ പഠിപ്പാണിത്. ഇത് നിങ്ങളെ ആരാണ് പഠിപ്പിക്കുന്നത്? കുട്ടികള്‍ക്ക് അറിയാം ആത്മീയ അച്ഛന്‍ നമ്മള്‍ കുട്ടികളെ ബ്രഹ്മാവിലൂടെ പഠിപ്പിക്കുകയാണ്. ഇത് ഒരിയ്ക്കലും മറക്കരുത്. ബാബ അച്ഛനാണ് പിന്നെ പഠിപ്പിക്കുകയും ചെയ്യുന്നു അതിനാല്‍ ടീച്ചറുമായി. ഇതും നിങ്ങള്‍ക്ക് അറിയാം നമ്മള്‍ പഠിക്കുന്നതുതന്നെ പുതിയ ലോകത്തിലേയ്ക്കുവേണ്ടിയാണ്. ഓരോ കാര്യത്തിലും നിശ്ചയം ഉണ്ടായിരിക്കണം. പുതിയ ലോകത്തിലേയ്ക്കായി പഠിപ്പിക്കുന്നത് ബാബ മാത്രമാണ്. ബാബയുടേതാണ് പ്രധാന കാര്യം. ബാബ നമുക്ക് ബ്രഹ്മാവിലൂടെ ഈ പഠിപ്പ് നല്‍കുകയാണ്. ആരിലൂടെയെങ്കിലും തരുമല്ലോ. ഭഗവാന്‍ ബ്രഹ്മാവിലൂടെ രാജയോഗം പഠിപ്പിക്കുന്നു എന്ന് പാടിയിട്ടുമുണ്ട്. ബ്രഹ്മാവിലൂടെ ആദി സനാതന ദേവീദേവതാ ധര്‍മ്മത്തിന്റെ സ്ഥാപന ചെയ്യുന്നു- ആ ദേവീദേവതാ ധര്‍മ്മം ഇന്നില്ല. ഇപ്പോഴുള്ളത് കലിയുഗമാണ്. അതിനാല്‍ സ്വര്‍ഗ്ഗത്തിന്റെ സ്ഥാപന നടക്കുകയാണ് എന്ന് തെളിയുന്നു. സ്വര്‍ഗ്ഗത്തില്‍ ദേവീദേവതാ ധര്‍മ്മത്തിലുള്ളവര്‍ മാത്രമേ ഉണ്ടാകൂ, ബാക്കിയുള്ള ഇത്രയും ധര്‍മ്മങ്ങള്‍ ഉണ്ടാവുകയേയില്ല അര്‍ത്ഥം വിനാശമുണ്ടാകും എന്തുകൊണ്ടെന്നാല്‍ സത്യയുഗത്തില്‍ മറ്റൊരു ധര്‍മ്മവും ഉണ്ടായിരുന്നില്ല. ഈ കാര്യങ്ങള്‍ നിങ്ങള്‍ കുട്ടികളുടെ ബുദ്ധിയിലുണ്ട്, ഇപ്പോള്‍ അനേക ധര്‍മ്മങ്ങളുണ്ട്. ഇപ്പോള്‍ വീണ്ടും ബാബ നമ്മെ മനുഷ്യനില്‍ നിന്നും ദേവതയാക്കി മാറ്റുകയാണ് എന്തെന്നാല്‍ ഇപ്പോള്‍ സംഗമയുഗമാണ്. ഇത് മനസ്സിലാക്കിക്കൊടുക്കേണ്ട സഹജമായ കാര്യമാണ്. ത്രിമൂര്‍ത്തികളിലും കാണിക്കുന്നു- ബ്രഹ്മാവിലൂടെ സ്ഥാപനയുണ്ടാകുന്നു. എന്തിന്റെ? തീര്‍ച്ചയായും പുതിയ ലോകത്തിന്റെ സ്ഥാപനയായിരിക്കും നടക്കുക, പഴയതിന്റേതായിരിക്കില്ല. ദൈവീക ഗുണങ്ങളുള്ള ദേവതകളാണ് പുതിയ ലോകത്തില്‍ വസിക്കുക എന്നതില്‍ കുട്ടികള്‍ക്ക് നിശ്ചയമുണ്ട്. അതിനാല്‍ ഇപ്പോള്‍ നമുക്കും ഗൃഹസ്ഥ വ്യവഹാരത്തില്‍ കഴിഞ്ഞുകൊണ്ടും ദൈവീക ഗുണങ്ങള്‍ ധാരണ ചെയ്യണം. ആദ്യമാദ്യം കാമത്തിനുമേല്‍ വിജയം പ്രാപ്തമാക്കി നിര്‍വ്വികാരിയായി മാറണം. ഇന്നലെ വരെ ഈ ദേവീ-ദേവതകളുടെ മുന്നില്‍ ചെന്ന് പറയുമായിരുന്നു അങ്ങ് സമ്പൂര്‍ണ്ണ നിര്‍വ്വികാരിയാണ്, ഞങ്ങള്‍ വികാരികളാണെന്ന്. ഞാന്‍ വികാരിയാണ് എന്ന് സ്വയം അനുഭവമാകുമായിരുന്നു എന്തുകൊണ്ടെന്നാല്‍ വികാരത്തിലേയ്ക്ക് പോകുന്നുണ്ടായിരുന്നു. ഇപ്പോള്‍ ബാബ പറയുന്നു നിങ്ങള്‍ക്കും ഇതുപോലെ നിര്‍വ്വികാരിയായി മാറണം. ദൈവീക ഗുണങ്ങള്‍ ധാരണ ചെയ്യണം. അഥവാ വികാരങ്ങളായ കാമവും ക്രോധവും ഉണ്ടെങ്കില്‍ പിന്നെ ദൈവീക ഗുണമുള്ളവര്‍ എന്ന് പറയില്ല. വികാരത്തിലേയ്ക്ക് പോവുക, ക്രോധിക്കുക എന്നിവയെല്ലാം ആസുരീയ അവഗുണങ്ങളാണ്. എന്താ ദേവതകളില്‍ ലോഭമുണ്ടാകുമോ? അവിടെ 5 വികാരങ്ങള്‍ ഉണ്ടാകില്ല. ഇത് രാവണന്റെ ലോകമാണ്. രാവണന്റെ ജന്മമുണ്ടാകുന്നത് ത്രേതയുടേയും ദ്വാപരത്തിന്റേയും സംഗമത്തിലാണ്. എങ്ങനെയാണോ ഈ പഴയ ലോകത്തിന്റേയും പുതിയ ലോകത്തിന്റേയും സംഗമമുള്ളത്, അതുപോലെ ഇതും സംഗമമാണ്. ഇപ്പോള്‍ രാവണരാജ്യത്തില്‍ വളരെ അധികം ദുഃഖമാണ്, അസുഖങ്ങളാണ്, ഇതിനെത്തന്നെയാണ് രാവണരാജ്യം എന്നു പറയുന്നത്. രാവണനെ ഓരോ വര്‍ഷവും കത്തിക്കുന്നു. വാമമാര്‍ഗ്ഗത്തിലേയ്ക്ക് പോകുന്നതിലൂടെ വികാരിയായി മാറുന്നു. ഇപ്പോള്‍ നിങ്ങള്‍ക്ക് നിര്‍വ്വികാരിയായി മാറണം. ഇവിടെവെച്ചുതന്നെ നിര്‍വ്വികാരിയായി മാറണം. എങ്ങനെയുള്ള കര്‍മ്മമാണോ ചെയ്യുന്നത് അതിനനുസരിച്ചുള്ള ഫലമാണ് ലഭിക്കുന്നത്. കുട്ടികളില്‍ നിന്ന് ഇപ്പോള്‍ ഒരു വികര്‍മ്മവും ഉണ്ടാകരുത്.

ഒന്ന് വികര്‍മ്മാജീത്ത് രാജാവാണ്, രണ്ടാമത് വിക്രമ രാജാവാണ്. ഇത് വിക്രമന്റെ കാലഘട്ടമാണ് അര്‍ത്ഥം വികാരങ്ങളാകുന്ന രാവണന്റെ കാലഘട്ടമാണ്. ഇത് ആരും മനസ്സിലാക്കുന്നില്ല. കല്പത്തിന്റെ ആയുസ്സ്

എത്രയാണ് എന്നതും ആർക്കും അറിയില്ല. വാസ്തവത്തിൽ വികർമ്മാജീത്തായിട്ടുള്ളത് ദേവതകളാണ്. 5000 വർഷങ്ങളിൽ 2500 വർഷം വിക്രമന്റേതാണ്, 2500 വർഷം വികർമ്മാജീത്തിന്റേയും. പകുതി വിക്രമന്റേതാണ്. അവർ പറയുന്നുണ്ട് പക്ഷേ ഒന്നും അറിയുന്നില്ല. നിങ്ങൾ പറയും വികർമ്മാജീത്ത് രാജാവിന്റെ സമയം ഒന്നു മുതൽ ആരംഭിക്കുന്നു പിന്നീട് 2500 വർഷങ്ങൾക്കുശേഷം വിക്രമ കാലഘട്ടം ആരംഭിക്കുന്നു. ഇനി വിക്രമന്റെ സമയം പൂർത്തിയാകും ഇപ്പോൾ നിങ്ങൾ വികർമ്മാജീത്തായ മഹാരാജാവും മഹാറാണിയുമായി മാറിക്കൊണ്ടിരിക്കുകയാണ്, മാറിക്കഴിഞ്ഞാൽ വികർമ്മാജീത്തിന്റെ സമയം ആരംഭിക്കും. ഇതെല്ലാം നിങ്ങൾക്ക് മാത്രമേ അറിയൂ. ബ്രഹ്മാവിനെ എന്തിനാണ് ഇരുത്തിയിരിക്കുന്നത് എന്ന് നിങ്ങളോട് ചോദിക്കും. അല്ല, നിങ്ങൾക്ക് ഇദ്ദേഹത്തിൽ എന്താണ് കാര്യം. നമ്മെ പഠിപ്പിക്കുന്നത് ഇദ്ദേഹമല്ലല്ലോ. നമ്മൾ ശിവബാബയിൽ നിന്നാണ് പഠിക്കുന്നത്. ബ്രഹ്മാവും ശിവബാബയിൽ നിന്നാണ് പഠിക്കുന്നത്. പഠിപ്പിക്കുന്നത് ജ്ഞാനസാഗരനാണ്, ബാബ വിചിത്രനാണ്, ബാബക്ക് ചിത്രം അഥവാ ശരീരം ഇല്ല. ബാബയെ നിരാകാരൻ എന്നാണ് പറയുന്നത്. അവിടെ മുഴുവൻ നിരാകാരീ ആത്മാക്കളാണ് വസിക്കുന്നത്. പിന്നീട് ഇവിടെ വന്നാണ് സാകാരിയായി മാറുന്നത്. പരമപിതാ പരമാത്മാവിനെ എല്ലാവരും ഓർമ്മിക്കുന്നു, ബാബ ആത്മാക്കളുടെ പിതാവാണ്. ലൗകിക പിതാവിനെ പരമം എന്ന് പറയില്ല. ഇത് മനസ്സിലാകുന്ന കാര്യമല്ലേ. സ്ക്കൂളിൽ വിദ്യാർത്ഥികൾ പഠിപ്പിൽ ശ്രദ്ധ നൽകും. എപ്പോൾ ലക്ഷ്യത്തിൽ എത്തുന്നുവോ, വക്കീൽ മുതലായ എന്തെങ്കിലും ആവുന്നോ അപ്പോഴേ പഠിപ്പ് അവസാനിപ്പിക്കൂ. വക്കീലായ ശേഷം പിന്നെയും ആരെങ്കിലും പഠിച്ചുകൊണ്ടിരിക്കുമോ. ഇല്ല, പഠിപ്പ് പൂർത്തിയാകുന്നു. നിങ്ങളും ദേവതയായി മാറിയാൽ പിന്നെ നിങ്ങൾക്ക് പഠിക്കേണ്ട ആവശ്യമില്ല. 2500 വർഷം ദേവതകളുടെ രാജ്യമാണ് നടക്കുന്നത്. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ ഇനി നിങ്ങൾ മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കണം. ഈ ചിന്തയും ഉണ്ടായിരിക്കണം. പഠിപ്പിക്കുന്നില്ലെങ്കിൽ എങ്ങനെ ടീച്ചറാകും! നിങ്ങൾ എല്ലാവരും ടീച്ചേഴ്സാണ്, ടീച്ചറുടെ സന്താനമായതിനാൽ നിങ്ങൾക്കും ടീച്ചറാവണം. എങ്കിൽ എത്ര ടീച്ചേഴ്സ് വേണം പഠിപ്പിക്കാൻ? ബാബ എങ്ങനെ ടീച്ചറും സദ്ഗുരുവുമാണോ അതുപോലെ നിങ്ങളും ടീച്ചറാണ്. സദ്ഗുരുവിന്റെ കുട്ടികൾ സദ്ഗുരുവാണ്. അവർ സദ്ഗുരുവല്ല. ആ ഗുരുവിന്റെ മക്കൾ ഗുരുക്കന്മാരാണ്. സത് അർത്ഥം സത്യം. സത്യഖണ്ഡം എന്നു പറയുന്നതും ഭാരതത്തെയാണ്, ഇത് അസത്യഖണ്ഡമാണ്. സത്യഖണ്ഡം സ്ഥാപിക്കുന്നത് ബാബയാണ്, ബാബയാണ് സത്യമായ സായി ബാബ. എപ്പോൾ സത്യമായ ആൾ വരുന്നുവോ അപ്പോൾ അസത്യമായവരും ഉണ്ടാകുന്നു. പാട്ടുണ്ടല്ലോ– തോണി ഉലയും, കൊടുങ്കാറ്റ് വരും, പക്ഷേ മുങ്ങില്ല. കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്, മായയുടെ കൊടുങ്കാറ്റുകൾ അനേകം വരും. അതിനെ ഭയക്കരുത്. മായയുടെ കൊടുങ്കാറ്റുകൾ വരും എന്ന് സന്യാസിമാർ നിങ്ങളോട് ഒരിയ്ക്കലും പറയില്ല. തോണിയെ അക്കരെ എവിടേയ്ക്കാണ് കൊണ്ടുപോകേണ്ടത് എന്നത് അവർക്ക് അറിയുകയേയില്ല.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഭക്തിയിലൂടെ സദ്ഗതി ഉണ്ടാകില്ല. അധോഗതി തന്നെയായിരിക്കും. ഭഗവാൻ വന്ന് ഭക്തർക്ക് ഭക്തിയുടെ ഫലം നൽകും എന്ന് പറയാറുണ്ട്. അതിനാൽ തീർച്ചയായും ഭക്തി ചെയ്യണം. ശരി, ഭക്തിയുടെ ഫലമായി ഭഗവാൻ വന്ന് എന്താണ് നൽകുന്നത്? തീർച്ചയായും സദ്ഗതി നൽകും. പറയുന്നുണ്ട് പക്ഷേ എപ്പോൾ നൽകും, എങ്ങനെ നൽകും– ഇത് അറിയില്ല. നിങ്ങൾ ആരോടെങ്കിലും ചോദിക്കു അപ്പോൾ അവർ പറയും ഇത് അനാദിയായി നടന്നുവരുന്നതാണ്. പരമ്പരകളായി നടന്നുവരുന്നതാണ്. രാവണനെ എപ്പോൾ മുതലാണ് കത്തിക്കാൻ തുടങ്ങിയത്? പരമ്പരയായിട്ടുള്ളതാണ് എന്നു പറയും. നിങ്ങൾ മനസ്സിലാക്കിക്കൊടുത്താൽ പറയും ഇവരുടെ ജ്ഞാനം പുതിയതാണ്. ആര് കല്പം മുമ്പ് മനസ്സിലാക്കിയോ അവർ പെട്ടെന്ന് മനസ്സിലാക്കും. ബ്രഹ്മാവിന്റെ കാര്യം നിങ്ങൾ വിട്ടേക്കൂ. ശിവബാബ ജന്മമെടുക്കുന്നുണ്ടല്ലോ, അതിനെയല്ലേ ശിവരാത്രി എന്നു പറയുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു എന്റെ ജന്മം ദിവ്യവും അലൗകികവുമാണ്. പ്രകൃതിയിലെ മനുഷ്യരെപ്പോലെയുള്ള ജന്മമല്ല എടുക്കുന്നത് എന്തുകൊണ്ടെന്നാൽ അവർ എല്ലാവരും ഗർഭത്തിലൂടെ ജന്മമെടുക്കുന്നു, ശരീരധാരിയായി മാറുന്നു. ഞാനാണെങ്കിൽ ഗർഭത്തിൽ പ്രവേശിക്കുന്നില്ല. ഈ ജ്ഞാനം ജ്ഞാനസാഗരനായ പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. ജ്ഞാനസാഗരൻ എന്ന് ഒരു മനുഷ്യനെയല്ല പറയുന്നത്. ഇത് ഒരേയൊരു നിരാകാരനുള്ള ഉപമയാണ്. നിരാകാരനായ അച്ഛൻ ആത്മാക്കളെ പഠിപ്പിക്കുകയാണ്, മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾ കുട്ടികൾ ഈ രാവണ രാജ്യത്തിൽ പാർട്ട് അഭിനയിച്ച് അഭിനയിച്ച് ദേഹാഭിമാനിയായി മാറി. ആത്മാവാണ് എല്ലാം ചെയ്യുന്നത്. ഈ ജ്ഞാനം നഷ്ടപ്പെട്ടുപോയി. ഇത് കർമ്മേന്ദ്രിയങ്ങളല്ലേ. ഇതിലൂടെ കർമ്മം ചെയ്യിച്ചാലും ഇല്ലെങ്കിലും ഞാൻ ആത്മാവാണ്. നിരാകാരീ ലോകത്തിൽ ശരീരമില്ലാതെയാണ് ഇരിക്കുന്നത്. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ വീടിനേയും മനസ്സിലാക്കി. അവരാണെങ്കിൽ വീടിനെ ഭഗവാനാണ് എന്ന് കരുതുന്നു. ബ്രഹ്മജ്ഞാനി തത്വജ്ഞാനിയല്ലേ. ബ്രഹ്മത്തിൽ ലയിച്ചുചേരണം എന്ന് ആഗ്രഹിക്കുന്നു. അഥവാ ബ്രഹ്മം വസിക്കാനുള്ളതാണ് എന്ന് പറഞ്ഞാൽ ഈശ്വരൻ

അതിൽ നിന്നും വേറിട്ടതായി. അവരാണെങ്കിൽ ബ്രഹ്മത്തെത്തന്നെ ഈശ്വരൻ എന്ന് കരുതുന്നു. ഇതും ഡ്രാമയിൽ ഉള്ളതാണ്. ബാബയേയും മറക്കുന്നു. വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന അച്ഛനെ ഓർമ്മ യുണ്ടാകേണ്ടതല്ലേ എന്തെന്നാൽ ബാബ തന്നെയാണ് സ്വർഗ്ഗം നിർമ്മിക്കുന്നത്. ഇപ്പോൾ നിങ്ങൾ പുരു ഷോത്തമ സംഗമയുഗീ ബ്രാഹ്മണരാണ്. നിങ്ങൾ ഉത്തമപുരുഷന്മാരായി മാറുകയാണ്. കനിഷ്ടരായ ആത്മാ ക്കൾ ഉത്തമരായ ആത്മാക്കളുടെ മുന്നിൽ തല കുമ്പിടുന്നു. ദേവതകളുടെ ക്ഷേത്രത്തിൽ ചെന്ന് എത്ര മഹിമ പാടുന്നു. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ തന്നെയാണ് ദേവതയായി മാറുന്നത്. ഇത് വളരെ സഹജമായ കാര്യമാണ്. വിരാടരൂപത്തെക്കുറിച്ചും പറഞ്ഞുതന്നിട്ടുണ്ട്. വിരാട ചക്രമല്ലേ. ബ്രാഹ്മണൻ, ദേവതാ, ക്ഷത്രിയർ....... എന്ന് അവർ പാടുക മാത്രം ചെയ്യുന്നു. ലക്ഷ്മീ നാരായണന്മാരുടെ ചിത്രവും ഉണ്ടല്ലോ. ബാബ വന്ന് എല്ലാവരെയും നേരെയാക്കുന്നു. നിങ്ങളേയും തിരുത്തുകയാണ് എന്തെന്നാൽ ഭക്തി മാർഗ്ഗത്തിൽ ജന്മ ജന്മാന്തരം നിങ്ങൾ എന്തെല്ലാം ചെയ്തുവന്നോ അതെല്ലാം തെറ്റായിരുന്നു അതി നാലാണ് നിങ്ങൾ തമോപ്രധാനമായി മാറിയത്. ഇപ്പോൾ ഇത് തെറ്റുകൾ നിറഞ്ഞ ലോകമാണ്. ഇതിൽ നിന്നും ദുഃഖം തന്നെ ദുഃഖമാണ് എന്തെന്നാൽ രാവണന്റെ രാജ്യമാണ്, എല്ലാവരും വികാരികളാണ്. രാവ ണന്റെ രാജ്യം തെറ്റുകൾ നിറഞ്ഞതാണ്, ശരിയായ ലോകം രാമന്റേതാണ്. ഇത് കലിയുഗമാണ്, അതാണ് സത്യയുഗം. ഇത് മനസ്സിലാക്കാനുള്ള കാര്യമല്ലേ. എന്താ ശാസ്ത്രം എപ്പോഴെങ്കിലും ഇതിനെക്കുറിച്ച് പറ ഞ്ഞുതന്നിട്ടുണ്ടോ. തന്റെ ജ്ഞാനവും നൽകി, രചനയെക്കുറിച്ചും മനസ്സിലാക്കിത്തന്നു. ആരാണോ പഠിച്ച് മറ്റുള്ളവരെ കേൾപ്പിക്കുന്നത് അവരുടെ ബുദ്ധിയിലാണ് ശാസ്ത്രം ഇരിക്കുക. അതിനാൽ എല്ലാവരു ടേയും സുഖദാതാവ് ഒരേയൊരു ബാബയാണ്. ബാബ തന്നെയാണ് ഉയർന്നതിലും ഉയർന്ന അച്ഛൻ, ബാബയെ പരമപിതാ പരമാത്മാവ് എന്നാണ് വിളിക്കുന്നത്. പരിധിയില്ലാത്ത അച്ഛൻ തീർച്ചയായും പരിധി യില്ലാത്ത സമ്പത്ത് നൽകും. 5000 വർഷങ്ങൾക്കുമുമ്പ് നിങ്ങൾ സ്വർഗ്ഗവാസികളായിരുന്നു, ഇപ്പോൾ നിങ്ങൾ നരകവാസികളാണ്. രാമൻ എന്നു പറയുന്നത് ബാബയെയാണ്. കട്ടുകൊണ്ടുപോയ സീതയുടെ രാമനല്ല. അവർ സദ്ഗതി ദാതാവല്ലല്ലോ, ആ രാമൻ രാജാവായിരുന്നു. മഹാരാജാവുപോലുമായിരുന്നില്ല. മാഹാരാ ജാവിന്റേയും രാജാവിന്റേയും രഹസ്യവും മനസ്സിലാക്കിത്തന്നിട്ടുണ്ട്– അവർ 16 കലകളുള്ളവരും ഇവർ 14 കലകളുള്ളവരുമായിരുന്നു. രാവണ രാജ്യത്തിലും രാജാവും മാഹാരാജാവുമെല്ലാം ഉണ്ടായിരുന്നു. മഹാരാജാവ് വളരെ ധനികനും രാജാവ് ധനികനുമായിരിക്കും. അവരെ സൂര്യവംശീ ചന്ദ്രവംശീ എന്നൊന്നും പറയില്ല. ഇതിൽ വളരെ വലിയ ധനികന് മഹാരാജാവ് എന്ന പദവി ലഭിക്കും കുറഞ്ഞ ധനമുള്ളയാൾക്ക് രാജാവ് എന്ന പദവിയും ലഭിക്കും. ഇപ്പോഴാണെങ്കിൽ പ്രജകൾ പ്രജകളെ ഭരിക്കുകയാണ്. ധനവാനായോ സമ്പന്നനായോ ആരുമില്ല. പ്രജകൾ രാജാവിനെ അന്നദാതാവായാണ് കണ്ടിരുന്നത്. ഇപ്പോൾ രാജാക്ക ന്മാരുമില്ല, നോക്കൂ പ്രജകളുടെ സ്ഥിതി എന്താണെന്ന്! എത്രയധികം യുദ്ധങ്ങളും വഴക്കുകളുമാണ് നട ക്കുന്നത്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ ആദി മുതൽ അന്ത്യം വരെയുള്ള മുഴുവൻ ജ്ഞാനവുമുണ്ട്. രചയിതാവായ ബാബ ഇപ്പോൾ പ്രായോഗികമായി ഉണ്ട്, പിന്നീട് ഭക്തിമാർഗ്ഗത്തിൽ ഇത് കഥകളാകും. ഇപ്പോൾ നിങ്ങളും പ്രായോഗികത്തിലുണ്ട്. അരകല്പം നിങ്ങൾ രാജ്യം ഭരിക്കും പിന്നീട് അത് കഥയായി മാറും. ചിത്രം ഉണ്ടായിരിക്കും. ആരോടെങ്കിലും ചോദിക്കൂ ഇവർ എപ്പോഴാണ് രാജ്യം ഭരിച്ചിരുന്നത്? എങ്കിൽ ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പായിരുന്നു എന്നു പറയും. സന്യാസിമാർ നിവൃത്തി മാർഗ്ഗ ത്തിലുള്ളവരാണ്, നിങ്ങൾ പവിത്ര ഗൃഹസ്ഥാശ്രമത്തിലുള്ളവരാണ്. പിന്നീട് അപവിത്രമായ ഗൃഹസ്ഥാ ശ്രമത്തിലേയ്ക്ക് പോകണം. സ്വർഗ്ഗത്തിലെ സുഖത്തെ ആർക്കും അറിയില്ല. നിവൃത്തി മാർഗ്ഗത്തിലുള്ള വർക്ക് ഒരിയ്ക്കലും പ്രവൃത്തി മാർഗ്ഗം പഠിപ്പിച്ചുതരാൻ സാധിക്കില്ല. മുമ്പ് അവർ കാടുകളിലായിരുന്നു താമസിച്ചത്, അവരിൽ ശക്തിയുണ്ടായിരുന്നു. അവർക്കുള്ള ഭക്ഷണം കാടുകളിൽ എത്തുമായിരുന്നു, ഇപ്പോൾ ആ ശക്തിയൊന്നുമില്ല. എങ്ങനെയാണോ നിങ്ങളിലും അവിടെ രാജ്യം ഭരിക്കുന്നതിനുള്ള ശക്തി യുണ്ടായിരുന്നത്, അതിപ്പോൾ എവിടെയാണ്. ഉണ്ടെങ്കിൽ അതുപോലെയാകുമായിരുന്നില്ലേ. ഇപ്പോൾ ആ ശക്തിയില്ല. ഭാരതവാസികളുടെ യഥാർത്ഥ ധർമ്മം എന്തായിരുന്നുവോ അതിപ്പോൾ ഇല്ല. അധർമ്മമാ യിരിക്കുന്നു. ബാബ പറയുന്നു ഞാൻ വന്ന് ധർമ്മത്തിന്റെ സ്ഥാപനയും അധർമ്മത്തിന്റെ വിനാശവും ചെയ്യുന്നു. അധർമ്മികളെ ധർമ്മത്തിലേയ്ക്ക് കൊണ്ടുവരുന്നു. ആരാണോ ശേഷിക്കുന്നത് അവരുടെ വിനാശവും ഉണ്ടാകുന്നു. എന്നിട്ടും ബാബ കുട്ടികളോട് പറയുന്നു എല്ലാവർക്കും ബാബയുടെ പരിചയം നൽകൂ. ബാബയെത്തന്നെയാണ് ദുഃഖത്തെ ഇല്ലാതാക്കി സുഖം നൽകുന്നവർ എന്നു പറയുന്നത്. എപ്പോ ഴാണോ അതീവ ദുഃഖികളായി മാറുന്നത് അപ്പോഴാണ് ബാബ വന്ന് സുഖിയാക്കി മാറ്റുന്നത്. ഇതും അനാ ദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കു വേണ്ടിയുള്ള മുഖ്യമായ സാരം –**

1) ഈ പുരുഷോത്തമ സംഗമയുഗത്തിൽ ഉത്തമ പുരുഷനായി മാറുന്നതിനായി ആത്മാഭിമാനിയായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. സത്യമായ ബാബയെ ലഭിച്ചിരിക്കുന്നു അതിനാൽ ഒരു അധാർമ്മികമായ കാര്യവും ചെയ്യരുത്.

2) മായയുടെ കൊടുങ്കാറ്റുകളെ ഭയക്കരുത്. സദാ ഓർമ്മയുണ്ടാകണം സത്യത്തിന്റെ തോണി ആടും ഉലയും പക്ഷേ മുങ്ങുകയില്ല. സദ്ഗുരുവിന്റെ കുട്ടികൾ സദ്ഗുരുവായി എല്ലാവരുടേയും തോണിയെ അക്കരെയെത്തിക്കണം.

## വരദാനം:– സഹജയോഗത്തിന്റെ സാധന(തപസ്യ)യിലൂടെ സാധനങ്ങളുടെ മേൽ വിജയം പ്രാപ്തമാക്കുന്ന പ്രയോഗീ ആത്മാവായി ഭവിക്കട്ടെ.

സാധനങ്ങൾ കൈവശം വെച്ച് സാധനങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരവേ യോഗത്തിന്റെ സ്ഥിതി കീഴ്മേൽ മറിയരുത്. യോഗിയായി പ്രയോഗം ചെയ്യുക ഇവരെ നിർമ്മോഹി എന്ന് പറയുന്നു. നിമിത്തമാത്രമായിരുന്നുകൊണ്ട് അനാസക്തരൂപത്തിൽ പ്രയോഗം ചെയ്യൂ. അഥവാ ഇച്ഛയുണ്ട് എങ്കിൽ അത് നല്ലതായിരിക്കുവാൻ അനുവദിക്കുകയില്ല. പ്രയത്നം ചെയ്യുന്നതിൽ തന്നെ സമയം ചെലവാകുന്നു. ആ സമയം താങ്കൾ തപസ്യയിലിരിക്കുന്നതിനുള്ള പ്രയത്നം ചെയ്യുകയും സാധനം അതിന് നേരെ ആകർഷിതരാക്കുകയും ചെയ്യും. അതിനാൽ പ്രയോഗീ ആത്മാവായി മാറി സഹജയോഗത്തിന്റെ സാധനയിലൂടെ സാധനങ്ങളുടെ മേൽ അതായത് പ്രകൃതിയുടെ മേൽ വിജയിയാകൂ.

## സ്ലോഗൻ:– സ്വയം സന്തുഷ്ടരായിരുന്ന് സർവ്വരെയും സന്തുഷ്ടരാക്കുക തന്നെയാണ് സന്തുഷ്ടമണിയാകുക.